# കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (INTUC)

H.O.S വരദരാജൻ നായർ സ്മാരക മന്ദിരം,മാഞ്ഞാലിക്കുളം റോഡ്,തമ്പാനൂർ,തിരുവനന്തപുരം

**Ph: 0471- 2333640**


**സർക്കുലർ നമ്പർ: 11/2026**

# സംസ്ഥാന- ജില്ലാ ഭാരവാഹികളുടെ യോഗവും സ്റ്റേറ്റ് എക്സിക്യൂട്ടീവും

സുഹൃത്തേ,

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ സംസ്ഥാന ഭാരവാഹികളുടേയും ജില്ലാ/ പ്രസിഡന്റ്, സെക്രട്ടറിമാരുടേയും സംയുക്തയോഗം 2026 ആഗസ്റ്റ് മാസം 7–ാം തീയതി വെള്ളിയാഴ്ച്ച വൈകിട്ട് 5 മണിക്ക് രാജീവ് ഗാന്ധി ആഡിറ്റോറിയത്തിൽ വച്ച് വർക്കിംഗ് പ്രസിഡന്റ് ശ്രീ.ഡി.അജയകുമാറിന്റെ അദ്ധ്യക്ഷത യിൽ കൂടുകയുണ്ടായി. ജനറൽ സെക്രട്ടറി ശ്രീ.എം.വിൻസന്റ് MLA യും മറ്റു സംസ്ഥാന ജില്ലാ ഭാരവാഹികളും പങ്കെടുത്തു. തുടർന്ന് 8.08.2026 ശനിയാഴ്ച്ച രാവിലെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് യോഗവും കൂടുകയുണ്ടായി.

സംഘടനാപരമായും, കെ.എസ്.ആർ.ടി.സിയിലെ വിവിധങ്ങളായ വിഷയങ്ങളെ ക്കുറിച്ചും വിശദമായി യോഗം ചർച്ച ചെയ്തു. യു.ഡി.എഫ് സർക്കാരിന്റെ അഭിമാന പദ്ധതിയായ പ്രിയദർശ്ശിനി പദ്ധതിയെക്കുറിച്ചുള്ള ആശങ്കകൾ, കെ.എസ്.ആർ.ടി.സിക്ക് പുതിയ ബസ്സുകൾ വാങ്ങേണ്ടതിന്റെ ആവശ്യകത, പദ്ധതി മൂലം ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ട് ഇവ ചർച്ചയ്ക്ക് വിധേയമായി.

## യോഗതീരുമാനങ്ങൾ

1. സർക്കാർ ജീവനക്കാർക്ക് ഇപ്പോൾ അനുവദിച്ച 2% ഡി.എ ഉൾപ്പെടെ മുഴുവൻ ഡി.എയും കെ.എസ്.ആർ.ടി.സി ജീവനക്കാർക്കും അനുവദിക്കാൻ വേണ്ട സമ്മർദ്ദം ചെലുത്താൻ തീരുമാനിച്ചു.
2. ജീവനക്കാരുടെ അർഹതപ്പെട്ട IB/ഡ്യൂട്ടി സറണ്ടർ അതാതു ദിവസം തൊഴിലാളികൾക്ക് ലഭ്യമാകാൻ നടപടി വേണം.
3. ജീവനക്കാർക്ക് അർഹതപ്പെട്ട അലവൻസുകൾ മുടങ്ങിയിട്ട് നാളേറെയായി. ഇവ എത്രയും പെട്ടെന്ന് പുന:സ്ഥാപിച്ച് നൽകണം.
4. ജീവനക്കാർക്ക് ആഗസ്റ്റ് മാസത്തെ ശമ്പളം, ഓണം അഡ്വാൻസ്, അലവൻസ്, ബോണസ് ഇവ യഥാസമയം ലഭ്യമാക്കണം.
5. ബദലി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കാനും അത് ഒറ്റത്തവണയായി നൽകാനും നടപടി സ്വീകരിക്കണം.
6. പിരിച്ച് വിട്ട ബദലി അസിസ്റ്റന്റ്മാരെ ഈ മാസം തന്നെ തിരികെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കണം.
7. കെ.എസ്.ആർ.ടി.സിക്ക് മാത്രമായി പുതിയ ബസ്സുകൾ വാങ്ങാൻ അടിയന്തിര ഇടപെടൽ വേണം.
8. സർവ്വീസ് ഓപ്പറേഷന് കണ്ടക്റ്റർ, ഡ്രൈവർ, മെക്കാനിക്കൽ, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ കുറവ് എല്ലാ യൂണിറ്റിലും അനുഭവപ്പെടുന്നു. ഇത് പരിഹരിക്കാൻ അടിയന്തിര നടപടി വേണം.

9. കാലപ്പഴക്കം ചെന്ന ബസ്സുകൾ, സ്പെയർ പാർട്ട്സ്, ടയർ എന്നിവയുടെ അഭാവം സർവ്വീസ് ഓപ്പറേഷനെ കാര്യമായി ബാധിക്കുന്നു. പരിഹരിക്കാൻ നടപടി വേണം.
10. യു.ഡി.എഫ് സർക്കാരിന്റെ സ്വപ്നപദ്ധതിയായ **പ്രിയദർശ്ശിനി** പദ്ധതി അട്ടിമറിക്കാൻ വിവിധ തലത്തിൽ ശ്രമങ്ങൾ നടക്കുന്നു. ഇത് ചെറുത്തു തോൽപ്പിക്കുവാനും പദ്ധതിയെ വിജയിപ്പിക്കുവാനും യൂണിയന്റെ അംഗങ്ങളുടെ സജീവ ഇടപെടൽ ഉണ്ടാകണം.
11. അർഹതപ്പെട്ട മുഴുവൻ അംഗങ്ങൾക്കും ഘട്ടം ഘട്ടമായി സ്ഥലം മാറ്റം അനുവദിക്കും.
12. വാർഷിക ഇൻക്രിമെന്റ്/ഗ്രേഡ് പ്രമോഷന് 190 ഡ്യൂട്ടി നിബന്ധനയിൽ ഇളവ് വരുത്തണം.
13. കളക്ഷൻ കുറവിന്റെ പേരിൽ ഒന്നര ഡ്യൂട്ടിയാക്കി മാറ്റിയ എല്ലാ ഡ്യൂട്ടികളും ഡബിൾ ഡ്യൂട്ടി ആക്കി മാറ്റേണ്ടതാണ്.
14. 16 ഡ്യൂട്ടി തികയാത്തതിന്റെ പേരിൽ തടഞ്ഞു വച്ചിരിക്കുന്ന ശമ്പളം അർഹതപ്പെട്ട ജീവനക്കാർക്ക് ഉടൻ വിതരണം ചെയ്യണം.
15. പ്രീമിയം S/F സർവ്വീസുകളെ സാധാ സൂപ്പർഫാസ്റ്റ് സർവ്വീസുകളാക്കി മാറ്റുവാനും വെട്ടിക്കുറച്ച ഡ്യൂട്ടികൾ പുന:സ്ഥാപിക്കുവാനും നടപടി വേണം.
16. പ്രിയദർശ്ശിനി പദ്ധതി നടപ്പിലാക്കിയ ശേഷം കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാരുടെ ജോലി ഭാരം വർദ്ധിച്ചു. അവർക്ക് അർഹതപ്പെട്ട സ്പെഷ്യൽ അലവൻസ് /കളക്ഷൻ ബാറ്റ അനുവദിക്കണം.
17. പല യൂണിറ്റുകളുടേയും ഗാരേജുകൾ മഴക്കാലത്ത് മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. ഇത് പരിഹരിക്കാൻ നടപടി വേണം.
18. അപകടത്തിൽപെട്ട ഡ്രൈവർ വിഭാഗം ജീവനക്കാരുടെ ലൈസൻസ് കട്ട് ചെയ്യുമ്പോൾ അവർക്ക് അർഹതപ്പെട്ട അദർ ഡ്യൂട്ടി അനുവദിച്ച് നൽകുക, ഡ്രൈവർമാരുടെ സ്പെഷ്യൽ അലവൻസ് പുന:സ്ഥാപിക്കുകയും വേണം.
19. എല്ലാ കാറ്റഗറിയിലേക്കും പി.എസ്.സി വഴി നിയമനം നടത്തണം.
20. പ്രിയദർശ്ശിനി പദ്ധതി നടപ്പാക്കിയതു മൂലം ഓർഡിനറി ബസ്സിൽ 1200 നും 1600 നും ഇടയ്ക്ക് ടിക്കറ്റ് പ്രിന്റ് ചെയ്യേണ്ടി വരുന്നു. ഇതുമൂലം ETM കളിൽ ചാർജ്ജ് നിൽക്കുന്നില്ല. അടിയന്തിരമായി വിഷയം പരിഹരിക്കണം.
21. മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം 10.00 AM to 5PM ആക്കി മാറ്റണം.
22. ശബരിമല സീസണിൽ കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ പമ്പയിൽ ക്യാന്റീൻ തുടങ്ങണം. നിർത്തലാക്കിയ പമ്പാ സ്പെഷ്യൽ അലവൻസ് അടിയന്തിരമായി പുന:സ്ഥാപിക്കണം.

സംസ്ഥാന/ ജില്ലാ ഭാരവാഹികളുടെ യോഗം എടുത്ത തീരുമാനങ്ങൾക്ക് സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗീകാരം നൽകുകയും താഴെ പ്രതിപാദിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

1. യൂണിയന്റെ 71–ാം വാർഷിക സമ്മേളനം 2026 സെപ്റ്റംബർ മാസം അവസാനം നടത്താൻ അംഗീകാരം നൽകി.
2. ആറു മാസത്തിലൊരിക്കൽ സ്റ്റേറ്റ് എക്സിക്യൂട്ടീവ് നിർബന്ധമായും കൂടാൻ തീരുമാനിച്ചു.
3. മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്താൻ തീരുമാനിച്ചു.

4. 7.08.2026 –ൽ കൂടിയ സംസ്ഥാന ഭാരവാഹി യോഗതീരുമാനപ്രകാരം കനിവ് പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇതുവരേയും പദ്ധതിയിൽ അംഗമാകാത്ത യൂണിയൻ അംഗങ്ങൾക്ക് 1000 രൂപ അടച്ച് കനിവ് പദ്ധതിയിൽ ചേരാൻ ഒരവസരം കൂടി നൽകാനുള്ള തീരുമാനവും യൂണിയൻ അംഗങ്ങളൂടെ മാസവരി 50 രൂപാ വർദ്ധിപ്പിക്കാനും കനിവ് പദ്ധതിക്കായി അംഗങ്ങളിൽ നിന്നും മാസം 50 രൂപ വരിസംഖ്യ പിടിക്കുവാനും ഉള്ള തീരുമാനം സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗീകരിച്ചു. (മാസവരി 100, ക്ഷേമനിധി 100, കനിവ് വരിസംഖ്യ 50, ആകെ 250 രൂപ.) മാസവരി വർദ്ധനവിന് ആനുപാതികമായി യൂണിറ്റ് കമ്മറ്റിക്കുള്ള വിഹിതം വർദ്ധിപ്പിക്കാനും ജില്ലാകമ്മറ്റിക്ക് ഫണ്ട് (മെമ്പർഷിപ്പിന്റെ അടിസ്ഥാനത്തിൽ) അനുവദിക്കാനും തീരുമാനമായി.

യൂണിറ്റിൽ നിന്നുള്ള യൂണിയൻ അംഗങ്ങളുടെ അപേക്ഷകൾ യൂണിറ്റ് പ്രസിഡന്റ്/സെക്രട്ടറിയുടെ ശുപാർശ്ശ കത്തോടൊപ്പം യൂണിയൻ HOയിൽ എത്തിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം ചീഫ് ഓഫീസിന്റെ ചുമതലയുള്ള സംസ്ഥാന ഭാരവാഹി വഴി മാത്രമേ ബന്ധപ്പെട്ട ഓഫീസർമാർക്ക് സമർപ്പിക്കാവൂ, ഒരു കാരണവശാലും യൂണിറ്റ് ഭാരവാഹികൾ/എക്സിക്യൂട്ടീവ് മെമ്പർമാർ നേരിട്ട് ചീഫ് ഓഫീസിലെ സെക്ഷനുകളിൽ കയറാൻ പാടുള്ളതല്ല.

***എല്ലാ തൊഴിലാളി സുഹൃത്തുക്കൾക്കും KSTWU സ്റ്റേറ്റ് എക്സിക്യൂട്ടീവിന്റെ ഊഷ്മളമായ ഓണാശംസകൾ***

തിരുവനന്തപുരം
10.08.2026

എം.വിൻസെന്റ് MLA
ജനറൽസെക്രട്ടറി